(സി&ഡി) പണികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് 19-8-2014-ൽ ജില്ലാ കളക്ടർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗം, അനുമതി നൽകിയ ഇകയിൽ നിർമ്മാണം പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 4 കോട്ടേജുകൾ, റെസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്ലെറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശാന്തിഗിരിയിൽ വഴിയോര വിശ്രമകേന്ദ്രം

334 (2890) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ശാന്തിഗിരി കേന്ദ്രമായി വഴിയോര വിശ്രമകേന്ദ്രം (Wayside amenity centre) സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയത് എന്നാണ് ;

(ബി) ആയതിനായി എത്ര രൂപ അനുവദിച്ചു ; ഇതിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതി ഈ വർഷം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 28-7-2012-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 1,30,00,000 രൂപ അനുവദിച്ചു. ഇതിൽ Food & Snacks Court, IT Integrated Facilitation Centre, Rest Room, Toilet etc. with Ample Parking Facility and support services എന്നീ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്.

(സി) പദ്ധതി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി ആരംഭഘട്ടത്തിലായതിനാൽ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാലും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പുളിക്കക്കടവ് ഇക്കോപാലം, പരിപാലനവും അറ്റകുറ്റപ്പണിയും

335 (2891) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി ബീയ്യം കായലിന് കുറുകെ പുളിക്കക്കടവിൽ അഞ്ച് വർഷം മുമ്പ് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കിയ പുളിക്കക്കടവ് ഇക്കോപാലം കൃത്യമായ പരിപാലനവും അറ്റകുറ്റപണിയും നടത്താത്തതുമൂലം ഇരുമ്പെട്ടുത്തുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടിയന്തരമായി അത് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് സമയാസമയത്ത് ആവശ്യമായ പെയിന്റിംഗും മറ്റ് പ്രവൃത്തികളും നടത്തുന്നതിനും അവ കൃത്യസമയങ്ങളിൽ നടപ്പാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചുമതല നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പാലത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പെയിന്റിംഗിനുമായി KEL എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾക്കായി പൊന്നാനി മുനിസിപ്പാലിറ്റിക്ക് നൽകിയിട്ടുണ്ട്.

പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾ

336 (2892) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു എന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലവഴിച്ചത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly